# 'കാസ ഗ്രാൻഡെ' ഹൗസിങ് പദ്ധതി ഉദ്ഘാടനം

കോയമ്പത്തൂർ: നഗരത്തിൽ കാസ ഗ്രാൻഡെ പ്രൈവറ്റ് ലിമിറ്റഡിന്റെ ഹൗസിങ് പദ്ധതി പ്രവർത്തനം തുടങ്ങി. ഹോട്ടൽ റസിഡൻസി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കമ്പനി മാനേജിങ് ഡയറക്ടർ എം. അരുൺകുമാർ, കെ.ആർ. അനിരുദ്ധൻ, ഡി. ശെന്തിൽകുമാർ എന്നിവർ സംസാരിച്ചു. അവിനാശി റോഡിലെ കാളപട്ടി-കുറുമ്പപാളയം റോഡിൽ അഞ്ച് ഏക്കറിൽ അമ്പത് കോടി രൂപ ചെലവിലാണ് അത്യാധുനിക സംവിധാനങ്ങളോടെ ഹൗസിങ് പദ്ധതി നടപ്പാക്കുന്നത്.